**ശ്രദ്ധക്ഷണിക്കൽ**

(1) വില വർദ്ധനവ്

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഇന്ന് രാവിലെ ഇവിടെ ചോദ്യോത്തരവേളയിൽ ചർച്ച ചെയ്തതുപോലെ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നയത്തിന്റെ ഭാഗമായി പാചകവാതകം, പെട്രോൾ, ഡീസൽ എന്നിവയുടെ ഭീമമായിട്ടുള്ള വിലവർദ്ധനവ് നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മേഖലകളേയും തകിടം മറിക്കുന്ന സ്ഥിതിയിലെത്തിച്ചിരിക്കുകയാണ്. വളരെ ഗുരുതരമായിട്ടുള്ളൊരു പ്രശ്നത്തിലേയ്ക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. ഇതേ നിലയിൽ പോകുകയാണെങ്കിൽ പെട്രോളിന്റെയും ഡീസലിന്റെയുമെല്ലാം വില ലിറ്ററിന് നൂറ് രൂപയിലെത്താൻ ഇനി അധിക ദിവസം വേണ്ടിവരില്ല. ഇന്നത്തെ പെട്രോളിന്റെ വില ലിറ്ററിന് 80 രൂപ 97 പൈസയാണ്, ഡീസലിന്റെ വില ലിറ്ററിന് 73 രൂപ 72 പൈസയാണ്. പാചകവാതകത്തിന് സബ്സിഡി ഇല്ലാത്ത വിഭാഗത്തിന് 48 രൂപയോളം തൊട്ടുമുമ്പാണ് വർദ്ധിപ്പിച്ചത്. എണ്ണക്കമ്പനികൾ മുമ്പൊക്കെ പ്രതിമാസം റേറ്റ് വർദ്ധിപ്പിക്കുന്ന സാഹചര്യമാണുണ്ടായിരുന്നത്. അതിനുമുമ്പ് ആവശ്യമുള്ള അപൂർവ്വഘട്ടങ്ങളിലാണ് വർദ്ധിപ്പിച്ചിരുന്നത്. എന്നാൽ ഇപ്പോൾ അത്

പ്രതിദിന വർദ്ധനവ് എന്ന നിലയിലേയ്ക്ക് മാറിയിട്ടുണ്ട്. കർണ്ണാടക തെരഞ്ഞെടുപ്പ് സമയത്ത് ഭരണകക്ഷിക്കുവേണ്ടി വിലവർദ്ധനവ് താൽക്കാലികമായി നിർത്തിവച്ചു. പക്ഷെ ഇലക്ഷൻ കഴിഞ്ഞപ്പോൾ തുടരെത്തുടരെ വില വർദ്ധിപ്പിക്കുന്ന സാഹചര്യമുണ്ടായി. പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവിന്റെ വിശദാംശങ്ങൾ നേരത്തെ ഇവിടെ ചോദ്യോത്തരവേളയിൽ ചർച്ച ചെയ്തതുകൊണ്ട് അതിനെക്കുറിച്ച് പറയുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി സീറ്റിൽ ഇരിക്കുക. സീറ്റിൽ ഇരിക്കാൻ ബുദ്ധിമുട്ടുള്ളവർ ദയവായി പുറത്തുപോകുക.

ശ്രീ. എ. പ്രദീപ്കുമാർ : സർ, നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വന്ന സമയത്ത് അന്താരാഷ്ട്ര കമ്പോളത്തിൽ പെട്രോളിന്റെയും ഡീസലിന്റെയുമൊക്കെ വില ഒരു ബാരലിന് 106 ഡോളറുണ്ടായിരുന്നത് പിന്നീട് കുത്തനെ കുറഞ്ഞു. ആ സമയത്ത് പെട്രോളിനും ഡീസലിനും ഉണ്ടായിരുന്ന വില ആനുപാതികമായി ഇവിടെയും കുറയേണ്ടതായിരുന്നു. അക്കാര്യം നേരത്തെ ഇവിടെ പ്രതിപക്ഷനേതാവ് സൂചിപ്പിച്ചു. ആനുപാതികമായി കുറയാതിരിക്കാൻ കസ്റ്റംസ്, എക്സൈസ് തീരുവയൊക്കെ കുത്തനെ വർദ്ധിപ്പിച്ച് അതിന്റെ നേട്ടം സമൂഹത്തിന് ലഭിക്കുന്നതിന്

തടസ്സമുണ്ടാക്കിയത് ഗവൺമെന്റിന്റെ നയമാണ്. ഇന്ധനവിലയിലുണ്ടാകുന്ന വർദ്ധനവ് ഏറ്റവും പ്രതികൂല പ്രത്യാഘാതമുണ്ടാക്കുന്ന സംസ്ഥാനമാണ് നമ്മുടെടേത്. നമ്മുടേത് ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. ഭക്ഷ്യധാന്യം, പച്ചക്കറികൾ, നിത്യോപയോഗ സാധനങ്ങൾ എല്ലാം മറ്റ് സംസ്ഥാനങ്ങളെ ആശ്രയിച്ച് കൊണ്ടുവരേണ്ട സാഹചര്യമുള്ള സംസ്ഥാനമാണിത്. ഇന്ധനവില വർദ്ധനവ് കടത്തുകൂലിയും യാത്രാകൂലിയുമെല്ലാം വലിയ തോതിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് നമ്മുടെ നാട്ടിലും വിലക്കയറ്റത്തിന്റെ ആഘാതം സൃഷ്ടിക്കുന്നുണ്ട്. പക്ഷെ ആ വിലക്കയറ്റത്തിന്റെ ആഘാതത്തിൽനിന്നും ആളുകൾക്ക് ആശ്വാസം നൽകുന്നത് ഈ സംസ്ഥാന സർക്കാർ വളരെ ശക്തമായി ഇടപെട്ടുകൊണ്ടാണ്. കഴിഞ്ഞ സഭയിൽ ബഹുമാനപ്പെട്ട ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഒരു പ്രസ്താവന നടത്തിയപ്പോൾ പറഞ്ഞത്, യു.ഡി.എഫ്. സർക്കാരിന്റെ അവസാന മൂന്ന് വർഷക്കാലത്ത് ചെലവഴിച്ചതിന്റെ ഇരട്ടിയലധികം തുക എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം ഇതിനകംതന്നെ നമ്മുടെ സംസ്ഥാനത്ത് പൊതുവിപണിയിൽ ഇടപെട്ട് വിലനിലവാരം പിടിച്ചുനിർത്തുന്നതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ടെന്നാണ്. അതൊരു വസ്തുതയാണ്. അതുപോലെ മാവേലി

സ്റ്റോറുകളിൽ ഇന്ന് സാധനങ്ങളുണ്ട്. പതിമൂന്നിനം സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. യു.ഡി.എഫ്. നേരത്തെ വെട്ടിക്കുറച്ച അഞ്ചിനം സാധനങ്ങൾകൂടി മാവേലി സ്റ്റോറുകളിലൂടെ ന്യായവിലയ്ക്ക് ലഭ്യമാക്കുന്ന കാര്യം പുനഃസ്ഥാപിച്ചിട്ടുണ്ട്. പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ സൂപ്പർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സാധ്യമായ മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളാക്കി മാറ്റുന്നുമുണ്ട്. ഓണം, വിഷു, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ഉത്സവകാലത്ത് ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഉത്സവകാല ചന്തകൾ ഇപ്പോൾ ഫലപ്രദമായി നടക്കുന്നുണ്ട്. ഇങ്ങനെയെല്ലാമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. യു.ഡി.എഫ്. ഭരണത്തിന്റെ അവസാനകാലത്ത് ഇവയെല്ലാം നിശ്ചലമായിപ്പോയിരുന്നു. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഉദ്ഘാടനം ചെയ്ത റംസാൻ ഫെയറിൽ 13 ഇനം സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുപുറമേ ബിരിയാണിക്കുള്ള പ്രത്യേക അരി ഉൾപ്പെടെയുള്ള സാധനങ്ങൾ നൽകുന്നുണ്ട്. സർക്കാർ നടത്തുന്ന ഇത്തരം നല്ല ഇടപെടൽ കുറച്ചുകൂടി വിപുലമാക്കുന്ന പദ്ധതിയെപ്പറ്റി സംസ്ഥാന ഗവൺമെന്റ്

ആലോചിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. പൊതുവിതരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുകയും സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുകയും വേണം. സംസ്ഥാന സർക്കാരിന്റെ മാത്രം സാമ്പത്തികശേഷി വച്ചുകൊണ്ട് അത്തരമൊരു പദ്ധതി ആവിഷ്കരിച്ച് പൂർണ്ണമായി നിർവ്വഹിക്കാനാകണമെന്നില്ല. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് മുമ്പാകെ നിർദ്ദേശം വയ്ക്കേണ്ടതുണ്ട്. എണ്ണവില വർദ്ധിപ്പിച്ചതിലൂടെ കഴിഞ്ഞ നാല് വർഷത്തിനിടയിൽ അധിക നികുതി വരുമാനത്തിലൂടെ കേന്ദ്ര സർക്കാർ 9.9 ലക്ഷം കോടി രൂപയുടെ അധിക വരുമാനം സമാഹരിച്ചിട്ടുണ്ട്. ജനങ്ങളെ പിഴിഞ്ഞാണ് ആ തുക സമാഹരിച്ചത്. പെട്രോളിയം കമ്പനികൾ 45,000 കോടി രൂപ ലാഭവിഹിതമായി കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. ലാഭമുണ്ടെങ്കിലും ഇന്ധനവില കുറയ്ക്കാൻ കഴിയില്ലെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. കാരണം ഗവൺമെന്റിന്റെ വികസന ചെലവിനുംമറ്റുമായി ആ തുക വേണം. എന്നാൽ അതേ കേന്ദ്ര ഗവൺമെന്റിന് കോർപ്പറേറ്റ് കമ്പനികൾക്ക് കോടാനുകോടി രൂപയുടെ നികുതിയിളവ് കൊടുക്കുന്നതിന് ഒരു വിഷമവും ഇല്ല, അപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടുകളൊന്നും അവരെ ബാധിക്കുന്നില്ല. ഇക്കാര്യത്തിൽ യു.പി.എ.

സർക്കാരും ബി.ജെ.പി. ഗവൺമെന്റും ഒരേ നയം തന്നെയാണ് സ്വീകരിച്ചുവന്നത്. എണ്ണ വില വർദ്ധനവിലൂടെയും ലാഭവിഹിതത്തിലൂടെയും അത്യധികം നികുതി വരുമാനം സമാഹരിക്കുന്ന കേന്ദ്ര ഗവൺമെന്റിനുമുന്നിൽ, ഫെഡറൽ സംവിധാനം നിലനിൽക്കുന്ന ഇന്ത്യാ രാജ്യത്തിലെ വിലക്കയറ്റത്തിന്റെ ആഘാതം ഏറ്റവുംകൂടുതൽ അനുഭവിക്കുന്ന ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ നമ്മുടെ ഗവൺമെന്റ് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താനുള്ള പദ്ധതി ആവിഷ്കരിച്ച് അവതരിപ്പിക്കുകയും അവർ സമാഹരിക്കുന്ന വലിയ ലാഭത്തിൽ നിന്ന് ഒരു വിഹിതം ഭക്ഷ്യധാന്യമായോ പണമായോ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നമുക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടണമെന്ന നിർദ്ദേശമാണ് സർക്കാരിന് മുമ്പാകെ അവതരിപ്പിക്കുന്നത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ, കേന്ദ്ര സർക്കാർ നയംമൂലം പെട്രോളിനും ഡീസലിനും പാചകവാതകത്തിനും ക്രമാതീതമായ വിലവർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് ജനങ്ങൾക്കാവശ്യമായ അരിയും പലവ്യഞ്ജനങ്ങളുമടക്കമുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളും

ആന്ധ്രാപ്രദേശ് പോലുള്ള വടക്കൻ സംസ്ഥാനങ്ങളിൽ നിന്നുമാണ് കൊണ്ടുവരേണ്ടത്. പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവ് കടത്തുകൂലിയിലും ഗണ്യമായ വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഉത്പന്നങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വർദ്ധനവുണ്ടാകാതിരിക്കുവാൻ സംസ്ഥാന ഗവൺമെന്റ് അതീവജാഗ്രതയാണ് പുലർത്തിപോരുന്നത്. അരിയുടെ വിലയിൽ വർദ്ധനവുണ്ടാകാതിരിക്കുന്നതിന് ഇ-ടെണ്ടർ പർച്ചേസിനുപുറമേ ഉത്പാദന കേന്ദ്രത്തിൽനിന്നും സംഭരിച്ചും സബ്സിഡി നിരക്കിലും സബ്സിഡി ഇല്ലാതെ വളരെ കുറഞ്ഞ നിരക്കിലും സപ്ലൈകോ വിൽപ്പന നടത്തുന്നതിന്റെ ഫലമായി സംസ്ഥാനത്ത് പൊതുവിപണിയിൽ അരിവിലയിൽ ഗണ്യമായ കുറവാണുണ്ടായത്. 2016 ജൂൺ മാസത്തിൽ 40 മുതൽ 45 രൂപ വരെ വിലയുണ്ടായിരുന്ന ഒരു കിലോ അരിക്ക് 32 രൂപ മുതൽ 40 രൂപ വരെയായി കുറഞ്ഞിട്ടുണ്ട്. ഇ-ടെണ്ടർ, ഇ-ഓക്ഷൻ എന്നിവ വഴി പഞ്ചസാര വാങ്ങുന്നതിന്റെ ഫലമായി 41 രൂപയായിരുന്ന പഞ്ചസാരയുടെ വില 33 രൂപയായി കുറഞ്ഞിട്ടുണ്ട്. പൊതുവിൽ പലവ്യഞ്ജനങ്ങൾക്കും അതുപോലെ വിലകുറഞ്ഞിട്ടുണ്ട്. സബ്സിഡി നിരക്കിൽ

14 ഇനം അവശ്യസാധനങ്ങൾ ശരാശരി 20 മുതൽ 50 ശതമാനം വരെ വിലക്കുറവിലും 28 ഇനം ഭക്ഷ്യവസ്തുക്കൾ പൊതുവിപണിയെക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീ സെയിൽ സബ്സിഡി നിരക്കിലും സപ്ലൈകോ മുഖാന്തരം പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. സപ്ലൈകോയുടെ സ്വന്തം ശബരി ബ്രാന്റിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റ് ബ്രാന്റഡ് കമ്പനികളുടെ FMCG (Fast Moving Consumer Goods) ഉത്പന്നങ്ങൾ എന്നിവയും പൊതുവിപണിയെക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തിവരുന്നു. ഉത്സവ സീസണിൽ നിലവിലുള്ള വിൽപ്പനശാലകൾക്കു പുറമേ പ്രത്യേക ഉത്സവചന്തകൾ പ്രവർത്തിപ്പിക്കുന്ന രീതി വർഷങ്ങളായി തുടർന്നുവരുന്നു. ക്രിയാത്മക വിപണി ഇടപെടലിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൂടുതൽ തുകയാണ് സപ്ലൈകോയ്ക്ക് നീക്കിവയ്ക്കുന്നത്. അതുകൂടാതെ മുൻവർഷങ്ങളിലെല്ലാം സപ്ലൈകോയുടെ സബ്സിഡിരഹിത ഉത്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നും ലഭിച്ച ലാഭത്തിൽനിന്നും സബ്സിഡി സാധനങ്ങളുടെ സംഭരണ വിതരണത്തിനായി വലിയ തുക ചെലവഴിച്ചിട്ടുണ്ട്. സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് മുൻഗണന നൽകി സാധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ വിൽപ്പനശാലകൾ

ആരംഭിച്ച് കുറഞ്ഞ വിലയ്ക്ക് അവശ്യസാധനങ്ങൾ ജനങ്ങൾക്ക് എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനോടകം നിരവധി ഔട്ട്‌ലെറ്റുകൾ പുതുതായി ആരംഭിച്ചുകഴിഞ്ഞു. ഇപ്പോൾ പ്രധാന കേന്ദ്രങ്ങളിൽ റംസാൻ വിപണികൾ ആരംഭിക്കുകയാണ്. റേഷൻകടകൾ വഴിയും അവശ്യസാധനങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കണ്ണൂരിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. ഇത് പരമാവധി റേഷൻകടകളിലേയ്ക്ക് എത്തിക്കുവാനാണ് ലക്ഷ്യമിടുന്നത്. ആവശ്യമായ സന്ദർഭങ്ങളിൽ ഏത് തരം ഉത്പന്നങ്ങൾക്കാണോ വില വർദ്ധിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ വിപണി ഇടപെടൽ നടത്തി ജനങ്ങൾക്ക് വിലക്കുറവിൽ സാധനങ്ങൾ ലഭ്യമാക്കുവാൻ പുതിയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതാണ്. ഇപ്രകാരം ഇന്ധനവില വർദ്ധനവുമൂലമുണ്ടാകുന്ന പ്രയാസങ്ങൾ അതിജീവിക്കുവാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. അതോടൊപ്പം ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ നമുക്ക് കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന റേഷൻ ധാന്യത്തിന്റെ അലോട്ട്മെന്റിൽ വർദ്ധനവുണ്ടാകണമെന്ന് നമ്മൾ ശക്തമായി ആവശ്യപ്പെട്ടു

കൊണ്ടിരിക്കുകയാണ്. അരിയോടൊപ്പം തന്നെ പൾസസും നമുക്ക് റേഷൻ വിലയ്ക്ക് വിതരണം ചെയ്യാൻ കഴിയുംവിധം അനുവദിക്കണമെന്ന് ശക്തമായി കേന്ദ്രത്തിനുമുന്നിൽ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. തീർച്ചയായും പുതിയ സാഹചര്യത്തെ നേരിടാനുള്ള എല്ലാ ഒരുക്കങ്ങളും ഗവൺമെന്റ് നടത്തുന്നതാണ്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഇന്ധനവില വർദ്ധനവിന്റെ ഭാഗമായി സമാഹരിക്കുന്ന വലിയ നികുതി വരുമാനത്തിൽനിന്നും നമ്മുടെ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള സഹായം ലഭ്യമാക്കുകയെന്നത് ഫെഡറൽ സംസ്ഥാനമെന്ന നിലയിൽ നമ്മുടെ അവകാശമാണ്. അക്കാര്യം സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുമോ?

ശ്രീ. പി. തിലോത്തമൻ: തീർച്ചയായും. അതാണ് നമ്മൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. നമുക്ക് ലഭിക്കുന്ന റേഷൻ ധാന്യം എൻ.എഫ്.എസ്.എ. പ്രകാരം പതിനാലേകാൽ ലക്ഷമായി ചുരുങ്ങി. എന്നാൽ ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും അതിനെക്കാൾ കൂടുതൽ വിഹിതമാണ് ലഭിക്കുന്നത്. ആ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ലഭിക്കണമെന്ന് നമ്മൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അരിയും

ഗോതമ്പും മണ്ണെണ്ണയും കൂടാതെ മറ്റു ധാന്യങ്ങൾകൂടി പരമാവധി സബ്സിഡൈസ്ഡ് റേറ്റിൽ ലഭിച്ചാൽ റേഷൻ സംവിധാനം വഴി കൂടുതൽ സാധനങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കാൻ കഴിയും. വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിനുള്ള ഒരു പ്രധാന ഘടകമായി അതുമാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

മി. ചെയർമാൻ : ഇന്ന് മൂന്ന് ബില്ലുകളുടെ പരിഗണനയും റൂൾ 50 അനുസരിച്ചുള്ള രണ്ടു മണിക്കൂർ ചർച്ചയുമുണ്ട്. അതുകൊണ്ട് സമയത്തിന്റെ കാര്യം ശ്രദ്ധിക്കണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

(2) മുച്ചക്ര വാഹനങ്ങളും ഇലക്ട്രോണിക് വീൽ ചെയറുകളും അനുവദിക്കൽ

ശ്രീ. ഷാഫി പറമ്പിൽ : സർ, മാനസികമായും ശാരീരികമായും ബുദ്ധിമുട്ടുകളനുഭവിക്കുന്ന ഭിന്നശേഷിക്കാരുടെ യാത്രയുമായി ബന്ധപ്പെട്ട പ്രശ്നമാണ് സഭയുടെ മുമ്പാകെ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ ശാക്തീകരണം നമ്മെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന അജണ്ടയാണ്. സ്വന്തംകാര്യങ്ങൾ ആരുടെയെങ്കിലും മുന്നിൽ അവതരിപ്പിക്കാൻപോലും ശേഷിയില്ലാത്ത വളരെ പ്രയാസകരമായ സാഹചര്യത്തിൽ ജീവിക്കുന്ന അവരെ സംബന്ധിച്ചിടത്തോളം അവർ നേരിടുന്ന

പ്രധാന പ്രശ്നങ്ങളിലൊന്ന് സ്പെഷ്യൽ സ്കൂളുകളിലേയ്ക്കോ മറ്റ് സ്ഥലങ്ങളിലേയ്ക്കോ തങ്ങളുടെ മക്കളെകൊണ്ടുപോകുന്നതിന് രക്ഷിതാവ് അനുഭവിക്കുന്ന പ്രയാസം വാക്കുകളിൽ ഒതുക്കാൻ കഴിയില്ല. ചെറിയ കുട്ടിയായിരിക്കുമ്പോൾ കുട്ടിയെ എടുത്തുകൊണ്ട്, നടന്നോ ബസിലോ ആട്ടോറിക്ഷയിലോ അമ്മ സ്കൂളിൽ പോകും. വൈകുന്നേരം വരെ അമ്മ സ്കൂളിൽ തന്നെയിരിക്കും. കുട്ടിയുടെ പ്രാഥമിക കാര്യങ്ങൾ ഉൾപ്പെടെ ചെയ്തുകൊടുക്കും. കുട്ടിയെ സ്കൂളിൽ നിന്നും വീട്ടിലേയ്ക്ക് തിരിച്ചും കൊണ്ടുവരും. പ്രായം കൂടുമ്പോൾ കുട്ടിക്ക് മാനസികമായ വളർച്ചയില്ലെങ്കിലും ശാരീരികമായ വളർച്ചവരും. അമ്മയ്ക്കും പ്രായം കൂടിവരുന്ന സന്ദർഭത്തിൽ കുട്ടിയെ എടുത്തുകൊണ്ടുപോകാനുള്ള ശേഷി അമ്മയ്ക്ക് നഷ്ടപ്പെടുമ്പോഴും വീട്ടിൽ കുട്ടിയെ അടച്ചിടാൻ മനസ്സനുവദിക്കാത്ത അമ്മ ഈ കുഞ്ഞിനെയും കൊണ്ട് സ്കൂളിലെത്തണം. വീട്ടിൽ സ്വന്തമായി വാഹനമുള്ളവരോ ആട്ടോറിക്ഷ വിളിക്കാനോ കഴിവുള്ളവരോ ആയിരിക്കില്ല എല്ലാവരും. പാലക്കാട് പരിവാർ എന്ന സംഘടനയുടെ മീറ്റിംഗിൽ ഞാൻ പങ്കെടുത്തപ്പോൾ അവിടെയുണ്ടായിരുന്ന ആളുകൾ പറഞ്ഞ പ്രധാന പ്രയാസം അവർ കുട്ടികളെ സ്കൂളിൽ കൊണ്ടുപോകാനും അവർക്കൊപ്പം പോകാനും തയ്യാറാണ്. എന്നാൽ

എല്ലാദിവസവും ഇവരെ സ്കൂളിൽ കൊണ്ടുപോയി തിരിച്ചുകൊണ്ടുവരാനുള്ള സാമ്പത്തികശേഷിയില്ലെന്നതാണ്. ഒരാൾക്കു മാത്രമേ ജോലിക്ക് പോകാൻ കഴിയൂ. അച്ഛന് കൂലിപ്പണിയാണെങ്കിൽ അതിൽ നിന്നുവേണം കുട്ടിയുടെ ചികിത്സയും പഠനവും സ്കൂളിൽ കൊണ്ടുവരാനുള്ള ചെലവുൾപ്പെടെയുള്ള കാര്യങ്ങൾ നോക്കേണ്ടത്. ഇത്തരം കുട്ടികളെ സ്കൂളിൽ കൊണ്ടുപോകാനും തിരിച്ചുകൊണ്ടുവരാനുമുള്ള സംവിധാനം ചെയ്തുതരണമെന്ന് അവർ പറഞ്ഞു. ഞാൻ അവിടെയുണ്ടായിരുന്ന എല്ലാവരുടെയും താത്പര്യപ്രകാരം എം.എൽ.എ. ഫണ്ടിൽ നിന്നും ഒരു ബസ് അവർക്ക് ഏർപ്പാട് ചെയ്തുകൊടുക്കാൻ തീരുമാനിച്ചു. എന്നാൽ അതേറ്റെടുക്കുന്നതിന് ഒരു സർക്കാർ സംവിധാനം ഇല്ല. സാമൂഹ്യനീതി വകുപ്പിനോടാവശ്യപ്പെട്ടപ്പോൾ എം.എൽ.എ. ഫണ്ടിൽ നിന്ന് ബസ് വാങ്ങി ഇവർക്കുവേണ്ടി ഓപ്പറേറ്റ് ചെയ്യാൻ സാമൂഹ്യനീതി വകുപ്പിന് കഴിയില്ല. ഡ്രൈവറുൾപ്പെടെയുള്ള മറ്റ് ചെലവുകൾക്ക് ആര് തീരുമാനമെടുക്കുമെന്ന പ്രശ്നം വരും. എം.എൽ.എ. ഫണ്ടിന്റെ മാനദണ്ഡപ്രകാരം ബസ് സ്വകാര്യ സംഘടനയ്ക്ക് കൊടുക്കാനും സാധിക്കില്ല. അങ്ങനെയൊക്കെയിരിക്കുന്ന ഒരു സാഹചര്യത്തിൽ തോന്നിയ ഒരു കാര്യം, ശാരീരികമായി പ്രയാസങ്ങൾ അനുഭവിക്കുന്നയാളുകൾക്ക് നിലവിൽ

എം.എൽ.എ. ഫണ്ടിൽനിന്നും ആസ്തി വികസന ഫണ്ടിൽ നിന്നും മുച്ചക്രവാഹനങ്ങൾ നൽകുന്നുണ്ട്. വിഭിന്നശേഷിക്കാരായ മാനസികമായ പ്രയാസമനുഭവിക്കുന്ന ആളുകളെ സഹായിക്കുന്നതിനുവേണ്ടി, അത്തരം കുട്ടികളുള്ള രക്ഷിതാവിന്റെ പേരിൽ ഒരു വാഹനം..., നമ്മൾ സിനിമകളിലൊക്കെ കണ്ടിട്ടുള്ളതുപോലെ ബൈക്കിനോട് അറ്റാച്ച് ചെയ്തതും സീറ്റ് ബെൽറ്റും സുരക്ഷിതമായി ആളുകളെ കൊണ്ടുപോകാൻ കഴിയാവുന്ന ഒരു സംവിധാനം ഈ പാവങ്ങൾക്ക് എം.എൽ.എ. ഫണ്ടിൽനിന്ന് കൊടുക്കുകയാണെങ്കിൽ, മാനസികമായി ഒരുപാട് പ്രയാസമനുഭവിക്കുന്നവരെ സ്കൂളിലേയ്ക്കോ ആശുപത്രിയിലേയ്ക്കോ ഫിസിയോതെറാപ്പിക്കോ കൗൺസിലിംഗിനോ കൊണ്ടുപോകാനോ മറ്റും വാടകയ്ക്ക് വാഹനം വിളിക്കേണ്ട ചെലവ് അവർ താങ്ങേണ്ട ഒരു സാഹചര്യം ഒഴിവാക്കാൻ നമുക്ക് സാധിക്കും. ഈ സഭയുടെ വികാരം അവർക്കൊപ്പമാണെന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. എല്ലാ എം.എൽ.എ.-മാരും ഈ കാര്യത്തിൽ സപ്പോർട്ട് ചെയ്യുമെന്ന് വിചാരിക്കുന്നു. ശാരീരികമായി ഭിന്നശേഷിക്കാരനായ ഒരാൾക്ക് മുച്ചക്ര വാഹനം കൊടുക്കുന്നതിന് ഇപ്പോൾ തടസ്സമില്ല. എന്നാൽ ഇത് ഗുണഭോക്താവിന് നേരിട്ട് കൊടുക്കാൻ കഴിയില്ല. സ്വന്തം കാര്യമെന്ന്

ആവശ്യപ്പെടാൻപോലും കഴിയാത്തവർക്ക് അമ്മയുടെയോ അച്ഛന്റെയോ പേരിൽ കൊടുക്കാനേ നമുക്ക് സാധിക്കുകയുള്ളൂ. നിലവിൽ മുച്ചക്രവാഹനം അനുവദിച്ചുകൊടുക്കാൻ നിയമങ്ങളുണ്ട്. നേരിട്ട് ഗുണഭോക്താവിന്റെ പേരിലില്ലാത്ത കാര്യത്തിൽ, അവർ ഇൻക്ലൂസീവ് എഡ്യുക്കേഷൻ പോലും ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. സ്പെഷ്യൽ സ്കൂളുകളിലേയ്ക്ക് ഞങ്ങളുടെ മക്കളെ അയച്ച് പൊതുസമൂഹത്തിന്റെ മുമ്പിൽ ഇത്തരം കുറേയാളുകൾ ഇവിടെ ജീവിക്കുന്നുവെന്നുള്ള ധാരണപോലും നഷ്ടപ്പെടുകയാണെന്നാണ് അവർ പറയുന്നത്. പഞ്ചായത്തിലെ തെരഞ്ഞെടുത്ത ഒരു സ്കൂളിൽ ഇത്തരം കുട്ടികളെ പഠിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നാണ് അവരുടെ സംഘടന പോലും പറയുന്നത്. എങ്കിൽ മാത്രമേ ഇത്രയും പ്രയാസമനുഭവിക്കുന്ന ആളുകൾ നമുക്കിടയിലുണ്ടെന്ന് പൊതുസമൂഹവും വളർന്നുവരുന്ന തലമുറയും അറിയുകയുള്ളൂ. അവർക്കുവേണ്ടി കലാമേളകളും കായികമേളകളും നടത്തുന്നതുൾപ്പെടെയുള്ള ഒരുപാട് നിർദ്ദേശങ്ങൾ വയ്ക്കുന്നുണ്ട്. ഇൻക്ലൂസീവ് എഡ്യുക്കേഷന്റെ കാര്യങ്ങൾപോലും അവർ മുന്നോട്ടുവയ്ക്കുന്ന ഈ കാലാവസ്ഥയിൽ അത് എത്രത്തോളം പ്രായോഗികമാണ്, അത് ചെയ്യേണ്ടത് അനിവാര്യതയാണെന്ന് ഓർമ്മപ്പെടുത്തുമ്പോൾ തന്നെ ഇപ്പോഴുള്ള

സാഹചര്യങ്ങളിലേയ്ക്ക് അവരെ കൊണ്ടുപോകാനും കൊണ്ടുവരാനുമെങ്കിലും ആ രക്ഷിതാവിന് ആരുടെയും മുന്നിൽ വാതിലുകൾ മുട്ടേണ്ടിവരാത്ത അവസ്ഥയുണ്ടാക്കേണ്ടത് നമ്മുടെ കടമയാണ്. അതുകൊണ്ട് അങ്ങ് ഇക്കാര്യത്തിൽ പോസിറ്റീവായ ഒരു തീരുമാനമെടുക്കുമെന്ന് കരുതുന്നു. രണ്ടാമത്തെ കാര്യം, മുച്ചക്രവാഹനം അനുവദിക്കുന്ന ആളുകൾ അതുകൊണ്ട് പുറത്തുവരുന്നുണ്ട്. അവരുടെ ലോകം ഒരു മുറിക്കകത്താണ്, ഒരു വീടിനകത്താണ്. ഇപ്പോൾ പല സംഘടനകളും ആളുകൾക്ക് വീൽ ചെയർ കൊടുക്കുന്നുണ്ട്. അപ്പോഴും സാധാരണക്കാരായ ആളുകൾക്കാണ് പ്രയാസം. ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വീൽ ചെയറിലുള്ള ഒരാളെ പുറത്തേയ്ക്ക് കൊണ്ടുവരാൻ ഒപ്പമുള്ള കൂലിപ്പണിക്ക് പോകുന്ന ഭാര്യയ്ക്കോ അമ്മയ്ക്കോ അച്ഛനോ കഴിയില്ല. അപ്പോൾ രാവിലെത്തെയും ഉച്ചയ്ക്കത്തെയും ഭക്ഷണം വച്ചുകൊടുത്തിട്ട് ഇവർ പണിക്ക് പോകുകയാണ്. ഈ വീൽചെയറിലുള്ള ആളുകൾ ഒരു ജനലിന്റെ പുറത്തുകൂടെയല്ലാതെ ലോകം കാണാൻ അവർ പ്രയാസപ്പെട്ടുമ്പോൾ....., ഇപ്പോൾ കാലം മാറുകയാണ്, ഇലക്ട്രോണിക് വീൽ ചെയറുകളുണ്ട്. ഇലക്ട്രോണിക് വീൽ ചെയർ ഫ്രണ്ട്ലിയാക്കി നമ്മുടെ ഓഫീസുകളും സ്കൂളുകളുമൊക്കെ മാറ്റാൻ പോളിസികളുണ്ട്. ഒരു സ്വിച്ച് പ്രസ്

ചെയ്താൽ അവർക്ക് പരസഹായമില്ലാതെ വീടിന്റെ പുറത്തേയ്ക്ക് വരാനുള്ള സാഹചര്യമൊരുക്കി കൊടുത്താൽ...., ഒരാൾക്ക് പത്തോ അമ്പതിനായിരമോ രൂപ ചെലവ് വരുന്നത് അവർക്കുണ്ടാക്കാൻ പോകുന്നത് ലോകത്തോളം വലിയ മാറ്റങ്ങളായിരിക്കും. ഇപ്പോൾ സാമൂഹ്യനീതി വകുപ്പ് കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. ഒരു സീലിംഗ് വച്ചിട്ടെങ്കിലും, ഒരു ക്യാപ്പിംഗ് വച്ചിട്ടെങ്കിലും എം.എൽ.എ. ഫണ്ടിൽനിന്ന് ഈ പാവങ്ങളുടെ പ്രയാസങ്ങൾക്ക് വലിയൊരു അളവ് വരെ, ഏറ്റവും ആശ്വാസകരമായ ഒരു തീരുമാനമെടുക്കുന്നതിനുവേണ്ടി അവർക്ക് സ്പെഷ്യൽ സാംഗ്ഷൻ നൽകാൻ......, അതിനായി സീലിംഗോ ക്യാപ്പിംഗോ വച്ചായാലും ആ തുകയ്ക്ക് അകത്തുനിന്നുകൊണ്ട് ഓരോ വർഷവും ഇത്തരമാളുകൾക്കുവേണ്ടി ആസ്തി വികസന ഫണ്ടിൽ ഉപയോഗപ്പെടുത്താമെന്നുള്ള ഒരു തീരുമാനം അങ്ങ് എടുക്കണമെന്ന് ഈ പ്രയാസമനുഭവിക്കുന്ന ആളുകൾക്കുവേണ്ടി ഈ കേരളത്തിനുവേണ്ടി ഈ സഭയിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആവശ്യത്തോട് അനുഭാവപൂർണ്ണമായ ഒരു സമീപനമല്ല ഇപ്പോൾ കൈക്കൊള്ളുന്നത്. 5 കോടി രൂപയുടെ ആസ്തി

വികസന ഫണ്ട് എന്നുപറഞ്ഞാൽ സ്ഥിരസ്വഭാവമുള്ള ആസ്തികൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ളതാണ്. അത് ക്ഷേമപ്രവർത്തനങ്ങൾക്കായി അനുവാദം നൽകുകയെന്ന് പറഞ്ഞാൽ അതിന്റെ പ്രത്യാഘാതം റവന്യൂ ഡെഫിസിറ്റിലൊക്കെ വരും. ഇപ്പോൾ ഈ 5 കോടി രൂപയും ക്യാപിറ്റൽ എക്സ്പെൻഡീച്ചറായിട്ടാണ് ബുക്ക് ചെയ്യുന്നത്. ഇക്കാര്യം ഇതിലൂടെ വന്നുകഴിഞ്ഞാൽ ബുദ്ധിമുട്ട് വരും. ധന ഉത്തരവാദിത്വനിയമത്തിന്റെ അടിസ്ഥാനത്തിൽ കമ്മിയൊന്നുമില്ലാതാക്കാൻ സാധിച്ചില്ലെങ്കിലും കുറച്ചുകൊണ്ടുവരാനുള്ള ഒരു പ്രവണത കാണിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. രണ്ടാമത്തെ കാര്യം, ഇത് വ്യക്തി ഗുണഭോക്താവിനുള്ള ആനുകൂല്യമാണ്. ഇത്രയും വലിയ ആസ്തി വികസന ഫണ്ടിൽ നിന്ന് വ്യക്തികൾക്ക് ആനുകൂല്യം നൽകുന്നതിനുവേണ്ടി അനുവാദം നൽകിക്കഴിഞ്ഞാൽ അത് അതിലേറെ പ്രശ്നങ്ങളുണ്ടാക്കുമെന്നാണ് കരുതുന്നത്. എന്നാൽ അങ്ങ് പറഞ്ഞതുപോലെ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണിത്. എം.എൽ.എ. ഫണ്ടിൽനിന്ന് ഇതിനുവേണ്ടിയുള്ള സ്പെഷ്യൽ സാംഗ്ഷൻ ചില സന്ദർഭങ്ങളിൽ കൊടുക്കുന്നുണ്ട്. അത് പരിഗണിക്കാം. എന്നാൽ ഇതിന് വികലാംഗ കോർപ്പറേഷനുണ്ട്. വികലാംഗ കോർപ്പറേഷന് ഇത്തരത്തിലുള്ള

മുച്ചക്രവാഹനങ്ങളൊക്കെ വിതരണം ചെയ്യാനുള്ള സ്കീമുകളുണ്ട്. ആ സ്കീമുകൾ എം.എൽ.എ. ഫണ്ടുമായി ബന്ധിപ്പിച്ച് കൂടുതൽ ഫണ്ട് നൽകുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പരിശോധിക്കാം. ഏതായാലും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അടക്കമുള്ളവരോട് ചർച്ച ചെയ്ത് ഇതുസംബന്ധിച്ച ഒരു സമീപനം കൈക്കൊള്ളാമെന്ന് പറയാനേ നിർവ്വാഹമുള്ളൂ.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : ഈ പറഞ്ഞത് തന്നെയാണ് ശരി. ബഹുമാന്യനായ അംഗം ഉദ്ദേശിച്ചത് തീർത്തും നല്ല കാര്യമാണ്. വ്യക്തികൾക്ക് ഈ തരത്തിലുള്ള ഫണ്ട് ഉപയോഗിക്കുന്ന നില വന്നാൽ അത് ദുരുപയോഗം ചെയ്യാൻ ധാരാളം സാധ്യതയുണ്ട്. അങ്ങനെയൊരു നില ഒരു കാരണവശാലും വന്നുകൂടാ. അതേസമയം അർഹതയുള്ളയാളുകൾക്ക് സഹായങ്ങളും മറ്റു സൗകര്യങ്ങളുമെല്ലാം ചെയ്യേണ്ടതായിട്ടുണ്ട്. അതിന് എം.എൽ.എ. ഫണ്ടല്ല ഉപയോഗിക്കേണ്ടത്, അതിനാവശ്യമായ മറ്റ് സംവിധാനങ്ങൾ ഒരുക്കുന്ന കാര്യത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കുകയും വേണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഷാഫി പറമ്പിലിന്റെ ഉദ്ദേശ്യമെന്നത്, പാവപ്പെട്ട നിർദ്ധനരായ

കുടുംബങ്ങളിലെ മാനസികവും ശാരീരികവുമായി വൈകല്യമുള്ള കുട്ടികളെ സഹായിക്കുകയെന്നതാണ്. ഏത് ഫണ്ടാണെങ്കിലും അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് അത്തരം കുട്ടികൾക്ക് ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണമെന്ന് മാത്രം.

ശ്രീ. ഷാഫി പറമ്പിൽ : നിലവിൽ എം.എൽ.എ. ഫണ്ടിന്റെ ഒരു ഭാഗം, അസറ്റ് ഫണ്ടിന്റെ ഒരു ഭാഗം മുച്ചക്രവാഹന വിതരണത്തിന് നമ്മൾ ഉപയോഗിക്കുന്നുണ്ട്. 5 കോടി രൂപ പൂർണ്ണമായും ഇതിന് ഉപയോഗിക്കണമെന്നല്ല. നിലവിൽ മുച്ചക്രവാഹനം നമ്മൾ കൊടുക്കുന്നുണ്ട്. ഞാൻ തന്നെ കൊടുത്തതിൽ ഈ വർഷം ഫണ്ട് അനുവദിച്ച് ഓർഡറായി വാഹനം ലഭിച്ചിരിക്കുകയാണ്, അടുത്ത ദിവസം വിതരണം ചെയ്യാൻ പോകുകയാണ്. നിലവിൽ ഒരു ശതമാനം കൊടുക്കുന്നുണ്ട്. അത് പരിശോധിക്കണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ഈ വിഷയം ഞാൻ ഈ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. അന്ന് ഡോ. എം. കെ. മുനീർ മന്ത്രിയായിരിക്കുന്ന കാലത്ത് എം.എൽ.എ.-മാരുടെ അസറ്റ് ഫണ്ടിൽനിന്നും അംഗപരിമിതരായവർക്ക് മുച്ചക്ര സ്കൂട്ടർ കൊടുക്കാമെന്നൊരു ഉത്തരവ് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും

തയ്യാറാക്കിയിരുന്നു. പിന്നീട് ആ ഗവൺമെന്റിലെ തന്നെ ധനകാര്യ വകുപ്പിന്റെ ഉദ്യോഗസ്ഥർ അത് നിഷേധിച്ചു. ഞങ്ങളൊക്കെ കൊടുത്തപ്പോൾ അത് നിഷേധിച്ചതാണ്.

ശ്രീ. ഷാഫി പറമ്പിൽ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. ഇത് വ്യക്തിപരമായ ആനുകൂല്യങ്ങളാകുമ്പോൾ ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടെന്നത്. പക്ഷെ ഗുണഭോക്താക്കളെ നമ്മൾ നേരിട്ട് തെരഞ്ഞെടുക്കുന്നില്ല. സാമൂഹ്യനീതി വകുപ്പിന് കളക്ടർ വഴി ഫണ്ട് കൊടുക്കാൻ താല്പര്യപ്പെടുന്നുവെന്ന് അറിയുമ്പോൾ അവർ അപേക്ഷകൾ ക്ഷണിക്കുകയും ജില്ലാ ആശുപത്രിയിലെ മെഡിക്കൽ സംഘം ഈ ആളുകളെ പരിശോധിച്ച് അതിൽ അവർ യോഗ്യരാണെന്ന് കണ്ടെത്തി ലിസ്റ്റ് ചെയ്ത് തരുന്ന ആളുകൾക്കേ കൊടുക്കാൻ സാധിക്കുകയുള്ളൂ. അല്ലാതെ എം.എൽ.എ.-ക്ക് നേരിട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ സാധിക്കില്ല. ആ സംവിധാനം നിലവിലുണ്ട്. ഈ മുച്ചക്രവാഹനം ഇപ്പോൾ കൊടുക്കുന്നത് നേരിട്ട് ഗുണഭോക്താവിന്, അത് ശാരീരികമായ പ്രയാസമനുഭവിക്കുന്നയാളുകൾക്കാണ്. ഈ മാനസികമായ പ്രയാസമനുഭവിക്കുന്ന കുട്ടിയുടെ പേരിൽ അപേക്ഷ കൊടുത്താൽ ഒരിക്കലും ഈ വാഹനം അനുവദിച്ചുകിട്ടില്ല. മെഡിക്കൽ

ബോർഡ് സംഘം പരിശോധിച്ച് ആ കുട്ടി ഫിറ്റല്ലെന്ന് പറയും. അപ്പോൾ കുട്ടിയെ കൊണ്ടുവരാനും കൊണ്ടുപോകാനുമുള്ള ഉത്തരവാദിത്വമുള്ള രക്ഷിതാവിന്റെ പേരിൽ ജില്ലാ ആശുപത്രിയിലെ മെഡിക്കൽ ബോർഡ് പരിശോധിച്ചതിനുശേഷം അംഗീകരിക്കുന്ന ലിസ്റ്റിൽപ്പെട്ടയാളുകൾക്ക് കൊടുക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ഇത് ആസ്തി വികസന ഫണ്ട് തന്നെയാണ്. നമ്മുടെ ഏറ്റവും വലിയ ആസ്തി നമ്മുടെ സഹോദരങ്ങൾ തന്നെയാണ്. ഒരു സീലിംഗ് വച്ചിട്ടെങ്കിലും കൊടുക്കണം. രണ്ട്, ഇപ്പോൾ മുച്ചക്രവാഹനം കൊടുക്കുന്ന ചില ആളുകൾക്ക് അതല്ല വേണ്ടിവരുന്നത്. അവർക്ക് വാഹനം ഓടിക്കാൻ കഴിയില്ല. ഒരു ഇലക്ട്രോണിക് വീൽചെയർ കൊടുത്താൽ..., അതിന് 5 കോടി രൂപയൊന്നും വേണ്ടിവരില്ല. ഒരു സീലിംഗ് ധനകാര്യ വകുപ്പിന് തീരുമാനിക്കാം. മറ്റ് ജില്ലാ പഞ്ചായത്ത് ഉൾപ്പെടെയുള്ള കാര്യങ്ങൾ വരുന്നത് സന്തോഷകരം തന്നെയാണ്. പക്ഷെ ഇത്തരം നിരവധി അപേക്ഷകൾ നേരിട്ട് എം.എൽ.എ.-മാർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ ഒരു സീലിംഗ് വച്ചിട്ടെങ്കിലും ഒരു ക്യാപ്പിംഗ് വച്ചിട്ടെങ്കിലും ഒന്ന്, ഈ ഗുണഭോക്താവ് മാനസിക വൈകല്യമുള്ളയാളാണെങ്കിൽ....., നിലവിൽ കൊടുക്കുന്ന സ്കീമിൽ ഗുണഭോക്താവ് രക്ഷിതാവാകാൻ അങ്ങ്

ഓർഡർ തരണം. രണ്ട്, ഇലക്ട്രോണിക് വീൽ ചെയർ ഇതുവഴി കൊടുക്കാനുള്ള അനുവാദം കൂടി തരണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുകയാണ്. അങ്ങ് എടുത്ത പോസിറ്റീവ് സമീപനത്തിന് നന്ദിയും പറയുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ആസ്തി വികസന ഫണ്ട് രൂപീകരിച്ചപ്പോൾ ഇറക്കിയ ഉത്തരവ് പ്രകാരം ഇത് ചെയ്യാൻ പാടില്ലായിരുന്നു. എന്നാൽ ധനകാര്യ വകുപ്പ് ഇടക്കാലത്ത് ഇത് അംഗീകരിച്ചുകൊണ്ട് ഉത്തരവിറക്കുകയും പിന്നീട് അത് പിൻവലിക്കുകയും ചെയ്തു. ഇപ്പോൾ നിലവിലുള്ള ഉത്തരവ് പ്രകാരം ആസ്തി വികസന ഫണ്ടിൽ നിന്ന് ഇങ്ങനെയുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള അനുവാദമില്ല. ആസ്തിയേതര ചെലവുകൾക്കുള്ള അനുവാദവുമില്ല. ഇവിടെ ഉന്നയിച്ച പ്രശ്നം ഫലപ്രദമായി എങ്ങനെയാണ് കൈകാര്യം ചെയ്യാൻ കഴിയുന്നതിനെക്കുറിച്ച് ആലോചിക്കാം. ഇന്നത്തെ ചട്ടം അനുസരിച്ച് അതിന് കഴിയില്ല. അത് ചെയ്യാൻ പറ്റുമെന്ന് സഭയ്ക്ക് ഇപ്പോൾ ഞാൻ ഉറപ്പും നൽകുന്നില്ല. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഇതിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഏത് രീതിയിലാണ് സ്കീം ആവിഷ്കരിക്കേണ്ടത് എന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കാം.